**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2498 19.12. 2012-ൽ മറുപടിയ്ക്ക്**

## ആരോഗ്യമേഖല നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. സി. തിലോത്തമൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. ചിറ്റയം ഗോപകുമാർ** | | **ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** | |
| (എ) | ആരോഗ്യ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ആരോഗ്യ രംഗത്ത് വളരെയധികം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം എന്നാൽ ഈ കാലഘട്ടത്തിലെ പുതിയ പ്രശ്നങ്ങൾ വെല്ലുവിളി ഉയർത്തുന്നതാണ്. വർദ്ധിച്ചുവരുന്ന ജനപ്പെരുപ്പം, നഗര വൽക്കരണം, കാലാവസ്ഥ വ്യതിയാനം, ശുദ്ധമായ കുടിവെള്ളത്തിന്റെ ദൗർലഭ്യം, മാലിന്യം സംസ്ക്കരിക്കാതെ കിടക്കുന്ന അവസ്ഥ എന്നിവ പകർച്ച വ്യാധികൾ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. പണ്ട് നമ്മുടെ നാട്ടിൽ ഇല്ലാതിരുന്ന ചില രോഗങ്ങൾ ഇപ്പോൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന തൊഴിലാളികളിലൂടെയും പല രോഗങ്ങളും പകരുന്ന ഒരു സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നു. കൂടാതെ വർദ്ധിച്ചു വരുന്ന ജീവിത ശൈലിരോഗങ്ങളും ആരോഗ്യ രംഗത്തെ പുതിയ വെല്ലുവിളിയാണ്. ഇതൊക്കെ യാണ് ഇന്ന് ആരോഗ്യ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ |
| (ബി) | വ്യാപകമായിക്കൊണ്ടിരിക്കുന്ന പകർച്ചപ്പനിയും, പനി മരണങ്ങളും നേരിടുന്നതിന് എന്തെല്ലാം പ്രത്യേക നടപടികളാണ കൈക്കൊണ്ടിട്ടുള്ളത്; | (ബി) | വ്യാപകമായിക്കൊണ്ടിരിക്കുന്ന ഡെങ്കിപ്പനി, മഞ്ഞപ്പിത്തം മുതലായ രോഗങ്ങളെ തടയുന്നതിനും നിയന്ത്രിക്കുന്നതിനും വിവിധ തരത്തിലുള്ള കർമ്മ പദ്ധതികൾ സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി നവംബർ 4, 11, 18 തീയതികളിൽ തിരുവനന്തപുരം ജില്ലയിലും 11, 18, 25 തീയതികളിൽ മറ്റ് ജില്ലകളിലും ഡെങ്കിപ്പനിക്കെതിരായി 'ഡ്രൈഡേ' ആചരിച്ചു. മഞ്ഞപ്പിത്തം, കോളറ |

| | | | |
|---|---|---|---|
| | | | തുടങ്ങിയ ജലജന്യ രോഗങ്ങൾ തടയുന്നതിന് കുടിവെള്ള സ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിന് 'ക്ലോറിനേഷൻ' വ്യാപകമായി നടത്തുന്നുണ്ട്. തദ്ദേക സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ മാലിന്യ സംസ്ക്കരണം ഊർജിതമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പകർച്ചവ്യാധി മൂലമുള്ള മരണം കുറയ്ക്കുവാനായി ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി. മരുന്നുകളുടെ ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട് |
| (സി) | സംസ്ഥാനത്ത് നിർമ്മാർജനം ചെയ്തിരുന്ന പല രോഗങ്ങളും വീണ്ടം പ്രത്യക്ഷപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | സംസ്ഥാനത്തു നിന്നും നിർമ്മാർജനം ചെയ്യപ്പെട്ട മലമ്പനി വീണ്ടും പല പ്രദേശങ്ങളിലും പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്. മലമ്പനി പണ്ട് കാലത്ത് മലയോര പ്രദേശത്തു മാത്രമായി കണ്ടിരുന്ന ഒരു രോഗമായിരുന്നു. എന്നാൽ ഇന്ന് ഈ രോഗം പ്രധാനമായും തീരപ്രദേശങ്ങളിലാണ് കണ്ടുവരുന്നത്. മലമ്പനി നിയന്ത്രണത്തിനായി വീടുകളിൽ കീടനാശിനി തളിക്കുക, കൊതുകിന്റെ ഉറവിടങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുക, രാത്രികാലത്ത് കൊതുകു വല ഉപയോഗിക്കുവാൻ ജനങ്ങളെ ബോധവത്ക്കരിക്കുക, രോഗ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുക കാലേക്കൂട്ടി പൂർണ്ണ ചികിത്സ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ആരോഗ്യവകുപ്പ് നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ